# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3882**

19.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ ഓഫീസുകളിലെ ഒഴിവുകൾ

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| എ) | മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം നൽകുമോ; | എ) | മലപ്പുറം റവന്യൂ ജില്ലയിൽപ്പെട്ട പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുവാനുണ്ട്. |
| ബി) | ഓഫീസുകളിലെ പ്രധാന തസ്തികകളിൽ ആളില്ലാത്തത് മൂലം ദൈനംദിന പ്രവർത്തനങ്ങൾ മന്ദഗതിയിലായിക്കൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | ഒഴിവുകളിൽ നിയമനം നൽകുന്നതുവരെ ദൈനംദിന കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത കാര്യാലയത്തിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർക്ക് അധിക ചുമതല നിർവഹിക്കുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| സി) | വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരെ നിയമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | 08.03.2018 ലെ സ.ഉ.(കൈ) നം.28/2018/ പൊ.വി.വ ഉത്തരവ് പ്രകാരം പ്രസ്തുത ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ